പട്ടുനൂൽപ്പുഴു ഉല്പാദനത്തിൽ ഏർപ്പെട്ടിട്ടുള്ള കർഷകർക്കുള്ള സഹായങ്ങൾ

*12 [312] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
,, എൻ. ശക്തൻ :
,, കെ. മോഹൻകുമാർ :
,, ഇ. എം. അഗസ്തി :
,, വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടുനൂൽപ്പുഴു ഉല്പാദനത്തിൽ ഏർപ്പെട്ടിട്ടുള്ള കർഷകർക്ക് എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നു;

(ബി) കൊക്കൂണുകൾ ഗവൺമെന്റോ ഗവൺമെന്റ് ഏജൻസികളോ സംഭരിക്കുന്നുണ്ടോ;

(സി) കൊക്കൂണിന്റെ തറവില നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അത് എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) കർഷകർക്ക് പരിശീലനം നൽകുന്നു. മൾബറി വിത്തു കമ്പുകൾ/തൈകൾ വിതരണം ചെയ്യുന്നു. പട്ടുനൂൽപ്പുഴു വളർത്തുപുര നിർമ്മാണം. അണുനശീകരണ വസ്തുക്കളും പുഴുവളർത്തുപകരണങ്ങളും വാങ്ങുന്നതിനും, ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിനും വ്യവസ്ഥകൾക്ക് വിധേയമായി സബ്സിഡി നൽകുന്നു. കൂടാതെ മറ്റു അനുബന്ധ സാങ്കേതിക സഹായവും കർഷകർക്കു നൽകുന്നു.

(ബി) കേരളത്തിൽ ഉല്പാദിപ്പിക്കുന്ന മുഴുവൻ കൊക്കൂണും സെറിഫെഡ് സംഭരിക്കുന്നുണ്ട്.

(സി) തറവില നിശ്ചയിച്ചിട്ടില്ല.

പട്ടുനൂൽപ്പുഴുവളർത്തലിനും മൾബറികൃഷിക്കും നൽകിവരുന്ന സബ്സിഡി

*13 [T313] ശ്രീ. കെ. ബാബു :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ഡി. സുഗതൻ :
,, ലൂഡി ലൂയിസ് :
,, എം. പി. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടുനൂൽപ്പുഴു വളർത്തുന്നതിനും മൾബറി കൃഷിക്കും എന്തു തുക സബ്സിഡി നൽകിവരുന്നു;

Tമാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം വകുപ്പുകളാണ് സബ്സിഡി നൽകുന്നത്;

(സി) ഈ സബ്സിഡി ലഭിക്കുന്നതിനുള്ള നടപടിക്രമമെന്ത്;

(ഡി) മൾബറി കൃഷിക്കും പട്ടുനൂൽപ്പുഴു വളർത്തലിനും കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) ഒരേക്കറിന് പരമാവധി 42870 രൂപ വരെ സബ്സിഡി നൽകിവരുന്നു.

(ബി) കേന്ദ്ര സിൽക്ക് ബോർഡിന്റെയും സംസ്ഥാന സർക്കാരിന്റെയും തുല്യ സാമ്പത്തിക സഹായത്തോടെ സെറിഫെഡ് വഴിയാണ് മേല്പറത്ത സബ്സിഡി നൽകുന്നത്.

(സി) ഒരേക്കർ മൾബറി കൃഷി ചെയ്യുന്ന കർഷകർ 200 കിലോ കൊക്കൂൺ ഉൽപാദിപ്പിച്ചാൽ മാത്രമേ സബ്സിഡി ലഭിക്കുകയുള്ളു.

ഒരേക്കറിൽ താഴെ 25 സെന്റ് വരെ മൾബറി കൃഷി ചെയ്യുന്ന കർഷകർ ആനുപാതിക തോതിൽ കൊക്കൂൺ ഉൽപാദിപ്പിച്ചിരിക്കണം.

25 സെന്റിൽ താഴെ മൾബറി കൃഷിചെയ്തു കൊക്കൂൺ ഉൽപ്പാദിപ്പിക്കുന്ന കർഷകർക്കു സബ്സിഡിക്ക് അർഹതയില്ല. സബ്സിഡിക്കർഹരാകുന്ന കർഷകർക്കു സെറിഫെഡിന്റെ ജില്ലാ ഓഫീസുകൾ വഴി ധനസഹായം നൽകുന്നു. ഇതിനുള്ള അപേക്ഷ ജില്ലാ ഓഫീസുകളിൽ സ്വീകരിക്കുന്നു.

(ഡി) കേന്ദ്ര സിൽക്ക് ബോർഡിൽ നിന്നും സാമ്പത്തിക സാങ്കേതിക സഹായം ലഭിക്കുന്നുണ്ട്.

എയ്ഡ്സ് ബോധവൽക്കരണം

*14 [314] ശ്രീ. ഉമേഷ് ചള്ളിയിൽ :
,, ജോണി നെല്ലൂർ :
,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയ്ഡ്സ് ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ഏതെല്ലാം സംഘടനകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പുതുതായി സംഘടനകളെ ഇതിനായി നിയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly